27/10/21

# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം

തിരുവനന്തപുരം 695 001
**Tel: 0471 2561600/2561614/2561623/2332533, Fax: 0471 2330920**
Email: sic.ker@nic.in

**ഹർജി നമ്പർ CP.No.390(1)/2021/SIC തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**
**File No.7885/SIC-Gen4/2021**

**സന്നിഹിതൻ**
**ഡോ. വിശ്വാസ് മേത്ത മുഖ്യവിവരാവകാശ കമ്മീഷണർ**
**തീയതി: 2021 ഒക്ടോബർ 27**

ശ്രീ. രാജീവ് കെ.,
രജനി വിലാസം,
ഉറുകുന്ന് പി.ഒ., തെന്മല,
കൊല്ലം ജില്ല. } പരാതി ഹർജിക്കാരൻ

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
സബ് ഇൻസ്പെക്ടർ,
തെന്മല പോലീസ് സ്റ്റേഷൻ,
തെന്മല പി.ഒ., കൊല്ലം. } എതിർകക്ഷി

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 08/03/2021 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 10/04/2021 |
| കമ്മീഷനിൽ പരാതി ഹർജി സമർപ്പിച്ച തീയതി | 20/07/2021 |
| കമ്മീഷനിൽ പരാതി ഹർജി കൈപ്പറ്റിയ തീയതി | 23/07/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26/08/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 23/09/2021 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 26/10/2021 - വീഡിയോ/ഓഡിയോ ഹിയറിംഗ് |
| ഹിയറിംഗിലെ സാന്നിദ്ധ്യം:പരാതി ഹർജിക്കാരൻ<br>എതിർകക്ഷി | ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. രാജീവ് കെ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാൻ 08.03.2021 തീയതി എതിർകക്ഷി മുമ്പാകെ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് നാളിതുവരെ യാതൊരു മറുപടിയും നൽകിയിട്ടില്ലെന്നും ആയതിനാൽ ഇക്കാര്യത്തിൽ യുക്തമായ നിയമനടപടികൾ സ്വീകരിക്കണമെന്നാണ്.

2. എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത്, ശ്രീ.സത്യാനന്ദൻ മകൻ ശ്രീ.ശിവാനന്ദൻ എന്നയാൾക്കെതിരെ ഹർജിക്കാരൻ 3.1.2021-ന് തെന്മല എസ്.എച്ച്.ഒ.യ്ക്ക് നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന വിവരം നൽകണമെന്നാണ്.

3. മേൽപ്പടി അപേക്ഷയ്ക്ക് 15.3.2021 തീയതി പതിച്ച് വിവരങ്ങൾ രേഖപ്പെടുത്തിയ മറുപടി 10.4.2021-ന് തപാലിൽ അയച്ചു കൊടുത്തതായി എതിർകക്ഷി 18.9.2021-ന് കമ്മീഷനിൽ ഹാജരാക്കിയ റിപ്പോർട്ട് പരിശോധിച്ചതിൽ കാണുന്നു.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, ശ്രീ.രാജീവ് കെ., 8.3.2021 തീയതി തെന്മല പോലീസ് സ്റ്റേഷനിൽ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിൽ, 3.1.2021 തീയതി ശ്രീ. രാജീവ് ഒപ്പിട്ട് തെന്മല ശിവവിലാസം വീട്ടിൽ ശ്രീ. സത്യാനന്ദൻ മകൻ ശിവാനന്ദൻ എന്നയാൾക്കെതിരെ ഒരു പരാതി നൽകിയിരുന്നു എന്നും ആയതിന് എന്ത് നടപടി സ്വീകരിച്ചു എന്ന വിവരമാണ് വിവരാവകാശ നിയമപ്രകാരം ആവശ്യപ്പെട്ടതെന്നും ടിയാൻ സമർപ്പിച്ച പരാതിയിൻ പ്രകാരം ബന്ധുക്കൾ തമ്മിലുള്ള പരാതിയായതിനാൽ പ്രാഥമിക അന്വേഷണം നടത്തിയിട്ടുള്ളതും ടി പരാതിയിലെ എതിർകക്ഷിയായ ശ്രീ.ശിവാനന്ദൻ ഹർജികക്ഷിയായ ശ്രീ. രാജീവിന്റെ അമ്മയുടെ ജ്യേഷ്ഠത്തിയുടെ മകനാണെന്നും ടി പരാതിയിൽ ഹർജികക്ഷി പറയുന്ന കാര്യങ്ങൾ വാസ്തവവിരുദ്ധമാണെന്ന് അന്വേഷണത്തിൽ ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ടി പരാതിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചിട്ടില്ലാത്തതാണെന്നും ടി വിവരത്തിന് ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ No.2/RIACT/TMLA/2021 പ്രകാരം 15.3.2021 തീയതി പതിച്ച് വിവരങ്ങൾ രേഖപ്പെടുത്തി 10.4.2021 തീയതി ഓർഡിനറി തപാലിൽ അപേക്ഷയുടെ മറുപടി അയച്ചു കൊടുത്തിട്ടുള്ളതാണെന്നും എന്നാൽ കമ്മീഷനിൽ നിന്നും അറിയിപ്പ് കിട്ടിയപ്പോഴാണ് ശ്രീ. രാജീവിന് മറുപടി ലഭിച്ചിട്ടില്ല എന്നുള്ള വിവരം അറിയുന്നതെന്നും തുടർന്ന് പോസ്റ്റാഫീസിൽ അന്വേഷിച്ചപ്പോൾ ടിയാൾക്ക് വരുന്ന എല്ലാ കത്തുകളും ടിയാളെ നേരിൽ കണ്ട് കൃത്യമായി നൽകിയിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും ഏതെങ്കിലും കാരണവശാൽ അപേക്ഷകന് മറുപടി ലഭിച്ചിട്ടില്ല എങ്കിൽ മറുപടി വീണ്ടും നൽകുന്നതാണെന്നും മേൽ വിഷയവുമായി ബന്ധപ്പെട്ട് മന:പൂർവ്വമായി യാതൊരുവിധ വീഴ്ചകളും വരുത്തിയിട്ടില്ലെന്നുമാണ്.

4. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ 8.3.2021-ലെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി ലഭിച്ചിട്ടില്ല എന്നതാണ് ഹർജിക്കാരന്റെ ആക്ഷേപം എന്ന് കാണുന്നു. എന്നാൽ 10.4.2021-ന് ഹർജിക്കാരന് മറുപടി അയച്ചു കൊടുത്തിട്ടുള്ളതായി എതിർകക്ഷി കമ്മീഷൻ

മുമ്പാകെ ഹാജരാക്കിയ റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുമുണ്ട്. ടി മറുപടി ഹർജിക്കാരന് ലഭിച്ചിട്ടില്ല എന്ന് കാണുന്നതിനാൽ ആയത് സ്പെഷ്യൽ മെസഞ്ചർ മുഖേന ഒരിക്കൽ കൂടി ഹർജിക്കാരന് ലഭ്യമാക്കണമെന്നും 10.4.2021–ന് ഹർജിക്കാരന് മറുപടി അയച്ചു കൊടുത്തിരുന്നു എന്ന് തെളിയിക്കുന്നതിനായി മറുപടിയുടെ പകർപ്പും ഡെസ്പാച്ച് കം സ്റ്റാമ്പ് രജിസ്റ്ററിന്റെ പകർപ്പും ഈ ഉത്തരവ് കൈപ്പറ്റി 7 ദിവസത്തിനകം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഹാജരാക്കണമെന്നും കമ്മീഷൻ നിർദ്ദേശിക്കുന്നു. ആയത് കമ്മീഷൻ പരിശോധിച്ച് മറുപടി നൽകുന്നതിൽ എതിർകക്ഷിയുടെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്ന കാര്യം വിലയിരുത്തി കമ്മീഷൻ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്.

5. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 ഒക്ടോബർ 27–ാം തീയതി കമ്മീഷൻ താത്ക്കാലികമായി തീർപ്പാക്കുന്നു.

(ഒപ്പ്)

ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

ജോയിന്റ് സെക്രട്ടറി

us